# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/1555/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 15/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P4/1555/2021 തീയ്യതി: 15/07/2022

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം. ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 22-10-2021 | 29-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 22-10-2021 | 29-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. റ്റി. സിന്ധു, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ അനീഷ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജൂഡിറ്റ് വർഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ഹർഷ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.യമുനാഷാഹി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.ഉമാദേവി | പ്രസിഡന്റ് | 12-11-2020 | 31-03-2021 |
| ശ്രീ ജ്യോതിരാജ് | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.വിജയൻ.എം | സെക്രട്ടറി | 16-06-2020 | 26-12-2020 |
| ശ്രീമതി ജയലക്ഷ്മി.എൽ(സെക്രട്ടറി ഇൻ ചാർജ്ജ്) | സെക്രട്ടറി | 27-12-2020 | 17-01-2021 |
| ശ്രീ.വിജയൻ.എം | സെക്രട്ടറി | 18-01-2021 | 24-02-2021 |
| ശ്രീമതി ജയലക്ഷ്മി.എൽ(സെക്രട്ടറി ഇൻ ചാർജ്ജ്) | സെക്രട്ടറി | 25-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സനൽകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു.എസ് | വെറ്റിനറിസർജൻ | 01-04-2020 | 31-03-2021 |
| ഡോ.പ്രഭ.കെ.നമ്പൂതിരി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി). | 01-04-2020 | 31-03-2021 |
| ഡോ.പ്രമോദ്കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി.സുമീമോഹൻ | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഷീബാഫ്രാൻസിസ് | ഡയറി ഫാം ഇൻസ്ട്രക്ടർ. | 01-04-2020 | 31-03-2021 |
| ശ്രീമതി.ജയ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 03-11-2020 |
| ശ്രീമതി.ആര്യ | ഫിഷറീസ് ഇൻസ്പെക്ടർ | 04-11-2020 | 31-03-2021 |
| ശ്രീ.രതീഷ്കുമാർ.റ്റി | വി.ഇ.ഒ | 01-04-2020 | 09-01-2021 |
| ശ്രീ. അജയ് വർഗീസ് | വി.ഇ.ഒ | 10-01-2021 | 31-03-2021 |
| ശ്രീമതി.മിനി ജോൺ | എച്ച്.എം | 01-04-2020 | 31-03-2021 |
| ശ്രീമതി.ശോഭന.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 09-06-2020 |
| ശ്രീമതി ജയലക്ഷ്മി.എൽ | അസിസ്റ്റന്റ് സെക്രട്ടറി | 10-06-2020 | 31-03-2021 |
| ശ്രീമതി.കൃഷ്ണകുമാരിഅമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh V.S (Senior Grade Auditor, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: T.Sindhu (Asst. Audit Officer, On 24-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-7 |
| 9 | സാമൂഹ്യ സുരക്ഷാപെൻഷൻ മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക 13300/- രൂപ തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-7.1 |
| 10 | ക്യാഷ് പരിശോധന<br>Written By: T.Sindhu (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-8 |
| 11 | അഭ്യന്തരനിയന്ത്രണം<br>Written By: T.Sindhu (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: T.Sindhu (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 20-06-2022) | 1-10 |
| 13 | ഒരേ ഇനം പ്രവൃത്തിക്ക് PRICE SOFTWARE -ൽ വ്യത്യസ്ത നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റ ഉപയോഗിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-11 |
| 14 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി- വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 29-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-12 |
| 15 | കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-13 |

| | | |
|---|---|---|
| | Written By: T.Sindhu (Asst. Audit Officer, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 21-06-2022) | |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു<br>Written By: T.Sindhu (Asst. Audit Officer, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-14 |
| 17 | സമഗ്ര നെൽകൃഷി വികസനം-മതിയായ രേഖകളുടെ അഭാവത്തിലും ആനുകൂല്യം വിതരണം ചെയ്തു<br>Written By: T.Sindhu (Asst. Audit Officer, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-15 |
| 18 | വീട് മെയിന്റനൻസ്-പണി പൂർത്തീകരിച്ചില്ല<br>Written By: Judith Varghese (Senior Grade Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 1-16 |
| 19 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-17 |
| 20 | ലേലം നടത്തിപ്പിലെ അപാകതകൾ<br>Written By: Harsha L (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-18 |
| 21 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു<br>Written By: Harsha L (Auditor, On 30-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-19 |
| 22 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Judith Varghese (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-20 |
| 23 | പാലിന് സബ്സിഡി അനുവദനീയമായതിലും അധികമായി 8,097/- രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-21 |
| 24 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ അനുവദനീയമായതിലും അധികമായി 8,680/- രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 1-22 |
| 25 | രേഖകളുടെ ആഭാവത്തിൽ 3,62,904/- രൂപയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല- ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി അനുവദനീയമായതിലും അധികമായി 8,097/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 3-1 |
| 2 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ -അനുവദനീയമായതിലും അധികമായി 8680 രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു<br>Written By: Aneesh V.S (Senior Grade Auditor, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 3-2 |
| 3 | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി- വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് | 3-3 |

| | | |
|---|---|---|
| | ആനുകൂല്യം നൽകി.<br>Written By: T.Sindhu (Asst. Audit Officer, On 31-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 07-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം<br>Written By: Aneesh V.S (Senior Grade Auditor, On 26-10-2021)<br>Last Updated By: Naseer S (Computer Assistant, On 22-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.2020തീയതിയിലെ I(1) തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2021 | 22-06-2021 | - | - |

### 1-2.1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.SBI E Payment Account റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം വൌച്ചർ നം. 120020900078/31.3.2021, 2002/- രൂപയുടെ (Cheque Deposited But Not Collected) വരവ് നാളിതുവരെ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി കാണുന്നില്ല.

2. സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ട്രഷറി ജോയിന്റ് വെഞ്ച്വർ - ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് നീക്കിയിരിപ്പ് തുകകൾ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ബാലൻസ്ഷീറ്റ് പ്രകാരം | ട്രഷറി ജോയിൻ വെഞ്ച്വർ അക്കൗണ്ട് പ്രകാരം |
|---|---|
| 32,43,024 | 1000000 |

4. വസ്തുനികുതി അരിയർ ഡിമാൻഡ് കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

5. ബാലൻസ്ഷീറ്റ് B-18 ഉൾപ്പെട്ടിട്ടുള്ള ഡെപ്പോസിറ്റ് തുകകളായ ചുവടെ ചേർക്കുന്നവയുടെ നിലവിലെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| |
|---|
| Deposit With Kerala Water Authority - 321000/- |
| Deposit With PWD - 882086/- |
| Ground Water Dept Deposits - 237726/- |

6. വാഹന വാടക പദ്ധതി നം. 132/21(സ്പിൽ ഓവർ159/20)വകയിരുത്തൽ 136000/- രൂപയാണ്. ബിൽ പ്രകാരം 268000/- രൂപയുടെ ചെലവുണ്ട്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 136000/- രൂപയുടെ ചെലവാണ് ഉൾപ്പെട്ടിട്ടുള്ളത്.

7. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ്, കളക്ഷൻ തുക വാർഷിക കണക്കുപ്രകാരം 1012430/- രൂപയും രജിസ്റ്റർ പ്രകാരം 1011280/- രൂപയുമാണ്.

8. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള CSS, SSS ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13724516.44/- രൂപ |
| വരവ് | 69667381/- രൂപ |
| ആകെ | 83391897.44/- രൂപ |
| ചെലവ് | 70030895/- രൂപ |

| | |
|---|---|
| നീക്കിയിരിപ്പ് | 13361002.44/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 127665/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3287618/-രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ (ലാപ്പ്സായ തുക) (രൂപ) | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12374475/- | 12374475/- | 12374475/- | 0 | 1756862 Go Project |
| വികസനഫണ്ട് (എസ്.സി.പി) | 0 | 10493000/- | 10493000/- | 8134324/- | 2358676/- (ലാപ്പ്സായ തുക) | 190314 Go Project |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | - |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | | 8606000/- | 8606000/- | 5538329/ | 3067671/ (ലാപ്പ്സായ തുക) | |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | | 3737807 | 3737807 | 3172068 | 565739 (ലാപ്പ്സായ തുക) | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) | 0 | 2605000 | 2605000 | 2099126 | 505874 (ലാപ്പ്സായ തുക) | - |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 6606490- | 6606490/- | 5521700/- | 1084790/- (ലാപ്പ്സായ തുക) | |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| സമ്പൂർണ്ണശുചിത്വം | | 2094665 | 2094665 | | 2094665 | |
| ബേബി ഫ്രണ്ടലി ടോയ്ലെറ്റ് | 60000 | | 60000 | | 60000 | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 1830000 | 1400000 | 3230000 | 1540000 | 1690000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 835550 | 737526 | 1573076 | 911543 | 661533 | |
| ICDS (Name Board) | 0 | 42000 | 42000 | 0 | 42000 | |
| MNREGS തൊഴിലാളികളുടെ കൂലി | 0 | 40533886 | 40533886 | 40533886 | 0 | |
| MNREGS അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5741 | 1390467 | 1396208 | 709130 | 687078 | |
| TSC | 252888 | | 252888 | 218487 | 34401 | |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 160 | 114623512 | 113 | 4810192 | - | 47 | 70.62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5741 | 1390467 | 1396208 | 709130 | 687078 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40533886 | 40533886 | 40533886 | 0 |
| ആകെ | | | | | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41760 | 59 |
| കർഷകതൊഴിലാളി പെൻഷൻ | 2038700 | 140 |
| വിധവാ പെൻഷൻ | 13555700 | 1033 |
| വാർദ്ധക്യകാല പെൻഷൻ | 2039800 | 1702 |
| വികലാംഗ പെൻഷൻ | 4960500 | 334 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 481200 | 38 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 270000 | 9 |

### 1-7.1 സാമൂഹ്യ സുരക്ഷാപെൻഷൻ മരണ തീയതിക്കു ശേഷം പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക 13300/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

2020-21 വർഷം കിഴക്കേകല്ലട ഗ്രാമ. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണം പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ തുക മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|---|
| 1 | ചെല്ലമ്മ | കർഷക പെൻഷൻ | 2220030881 | 30.03.2021 | 4/21-09/21 | 9600 |
| 2 | ശാന്ത ദേവി അമ്മ | ഇന്ദിരാ ഗാന്ധി ദേശീയ | 103450600695 | 12.03.2021 | 04/2021 | 600 |

| | | | | | | |
|---|---|---|---|---|---|---|
| | | വാർദ്ധക്യകാല പെൻഷൻ | | | | |
| 3 | റാഹേലമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 103450600335 | 10.03.2021 | 04/2021 | 1600 |
| 4 | ബേബികുട്ടി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 103450200438 | 11.01.2021 | 02/2021 | 1500 |
| 5 | ദീനാമ്മ | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 103350200213 | 16.03.2021 | 9/21 ഡയറക്റ്റ് റ്റു ഹോം നിലവിലും പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആണ് 1600 തുക സഹകരണബാങ്കിന് കൈമാറി | |
| | | | | | | 13300 |

13300/ രൂപ പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/23-10-2021) ലഭ്യമാക്കിയ മറുപടിയിൽ തുക തിരികെ ഈടാക്കുന്നതിന് നടപടി ആരംഭിച്ചതായി അറിയിച്ചിട്ടുണ്ട്.

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിരിക്കാൻ സാധ്യത കാണുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. അതേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ മരണം രജിസ്റ്റർ ചെയ്താലും മരണപ്പെട്ട വ്യക്തി സുരക്ഷ പെൻഷൻ വാങ്ങുന്നയാളായിരുന്നു എന്ന് തിരിച്ചറിയുക ശ്രമകരവുമാണ്. ഈ സാഹചര്യത്തിൽ 23.09.2020 ലെ സ.ഉ.(എം.എസ്.) നം. 97/2020 ധനം ഉത്തരവ് ഖണ്ഡിക 12 പ്രതിപാദിക്കുന്ന (മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കൺവാടി /ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെന്ഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കുക ) നടപടിക്രമം പാലിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22/10/2021 തീയതിയിൽ 2.48 Pm മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3501/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 അഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. പേമെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ്

ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്യുന്നു. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു. തെരുവുവിളക്കുകളുടെ എണ്ണം, തരം ഇവ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. എന്നാൽ മേൽരജിസ്റ്റർ പ്രകാരമുള്ള തെരുവുവിളക്കുകളുടെ എണ്ണം ഗ്രാമപഞ്ചായത്ത് തെരുവുവിളക്ക് മെയിന്റനൻസ് നടത്തുന്ന കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ തെരുവുവിളക്ക് പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയ്ക്ക് ആധികാരികത ഇല്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് ഇവ കാലികമല്ല. മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ തുക മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിവിധ ഫണ്ടുകൾ അക്കൌണ്ട് ചെയ്യുന്നതിലും നടപടിക്രമങ്ങൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതായും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ ലക്ഷ്യപ്രാപ്തി കൈവരിക്കാത്ത സ്ഥിതിവിശേഷവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ.എം.ഡി സ്വീകരിക്കാതെ ലേലം നടപടികൾ നടക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ ഇടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ഗ്രാമപഞ്ചായ ത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/10/2021 | 1/2021-3/2021 | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.03.2020 | 2014-15 To 2018-19 | 13.05.2020 |

## 1-11 ഒരേ ഇനം പ്രവൃത്തിക്ക് PRICE SOFTWARE -ൽ വ്യത്യസ്ത നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റ ഉപയോഗിക്കുന്നു

വ്യത്യസ്ത മരാമത്ത് പ്രവൃത്തികളിലെ ഒരേ ഇനം പ്രവൃത്തിക്ക് PRICE SOFTWARE -ൽ വ്യത്യസ്ത നിരക്കിൽ ഒബ്സേർവ്ഡ് ഡാറ്റ ഉപയോഗിക്കുന്നതായി കാണുന്നു. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു

| പ്രവൃത്തി-1<br>Interlocking Paver Blocks – ന്റെ Side/ Intermediates /End -Plain Cement Concreting | | | | | | പ്രവൃത്തി-2<br>Interlocking Paver Blocks – ന്റെ Side/ Intermediates /End -Plain Cement Concreting | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| Project 98/21 | | | | | | Project 194/20 | | | | | |
| കണത്തൊട്ടിൽ -കുറ്റികണ്ടം റോഡ് കോൺക്രീറ്റിങ് | | | | | | മാർക്കറ്റ് .ജം- പരിച്ചേരി റോഡ് പുനരുദ്ധാരണം ഇൻർലോക്കിങ് | | | | | |
| Code | Description | Unit | Quantity | Rate | Amount | Code | Description | Unit | Quantity | Rate | Amount |
| M-081 | Cement | Tonne | 0.33 | 579.24 | 1911.44 | M-081 | Cement | Tonne | 0.33 | 579.24 | 1911.44 |
| M-005 | Cparse Sand At Site | M3 | 0.45 | 1303.77 | 586.7 | M-005 | Cparse Sand At Site | M3 | 0.45 | 1303.77 | 586.7 |
| M-359 | 20 Mm Aggregate | M3 | 0.67 | 1403.77 | 940.53 | M-359 | 20 Mm Aggregate | M3 | 0.67 | 1403.77 | 940.53 |
| M-360 | 10 Mm | M3 | 0.22 | 1403.77 | 308.83 | M-360 | 10 Mm | M3 | 0.22 | 1403.77 | 308.83 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | Aggregate | | | | | | Aggregate | | | | |
| L-12 | Mate | Day | 0.08 | 407 | 32.56 | L-12 | Mate | Day | 0.08 | 407 | 32.56 |
| L-11 | Mason (1 St Class) | Day | 0.1 | 487 | 48.7 | L-11 | Mason (1 St Class) | Day | 0.1 | 487 | 48.7 |
| L-29 | Mazdoor (Unskilled) | Day | 0.63 | 368.00 | 231.84 | L-29 | Mazdoor (Unskilled) | Day | 1.63 | 368.00 | 599.84 |
| L-21 | Bhisti | Day | 0.27 | 407 | 109.89 | L-21 | Bhisti | Day | 0.27 | 407 | 109.89 |
| P&M 146 | Concrete Mixer 028/0.4 | Hour | 0.4 | 100 | 40 | P&M 146 | Concrete Mixer 028/0.4 | Hour | 0.4 | 100 | 40 |
| Total | | | | | 4210.48 | Total | | | | | 4578.48 |
| Over Head 10% | | | | | 421.04 | Over Head 10% | | | | | 457.84 |
| Cp@10% | | | | | 463.15 | Cp@10% | | | | | 503.63 |
| Cost Index 41.85% | | | | | 2132.12 | Cost Index 41.85% | | | | | 2318.47 |
| Total | | | | | 7226.8 | Total | | | | | 7858.43 |

വ്യത്യാസം- Rs. 632.43/$m^3$

Interlocking Paver Blocks – ന്റെ Side/ Intermediates /End -Plain Cement Concreting എന്ന ഇനം പ്രവൃത്തിക്ക് വ്യത്യസ്ത മരാമത്ത് പ്രവൃത്തികളിൽ Mazdoor (Unskilled) എന്ന Labour Component 0.63, 1.63 എന്നിങ്ങനെ വ്യത്യസ്ത നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/29.10.2021) ലഭ്യമാക്കിയ മറുപടിയിൽ കണത്തൊട്ടിൽ -കുറ്റികണ്ടം റോഡ് കോൺക്രീറ്റിങ് എന്ന പ്രവൃത്തിക്ക് 22/05/2020 ലും മാർക്കറ്റ് .ജം- പരിച്ചേരി റോഡ് പുനരുദ്ധാരണം ഇൻർലോക്കിങ്ങ് എന്ന പ്രവൃത്തിക്ക് 06/06/2019 ലും സാങ്കേതിക അനുമതി ലഭിച്ചതിനാലാണ് മേൽ വ്യത്യാസം ഉണ്ടാകുന്നത് എന്ന് മറുപടി നൽകി. പ്രൈസ് സോഫ്റ്റ്വെയറിൽ അധിക നിരക്ക് നൽകിയതിലൂടെ നഷ്ടമായിട്ടുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.

1-12 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി- വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.

പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി-

1. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്ത വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

2. വാങ്ങിയ ലാപ്ടോപ്പുകളിൽ രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

3. 2018-19 ൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് 2020-21 ൽ ലാപ് ടോപ്പ് വിതരണം ചെയ്തിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പദ്ധതി, നം | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് (114/21) |
| അടങ്കൽ തുക | 8,40,000/-(SCPഫണ്ട്) |
| ചെലവ് തുക | 8,31,660/- (3,88,108/- (ബിൽ നം. 2/21.11.20) & 4,43,552/- (ബിൽ നം. 1/21.11.20)) |

സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്കായി കെൽട്രോണിൽ നിന്നും 27,722/- രൂപ നിരക്കിൽ 30 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ഗ്രാമസഭയിൽ ലഭിക്കുന്ന

എല്ലാ അപേക്ഷകളും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതും ഓരോ വാർഡിലും പരിശോധന പൂർത്തിയാക്കിയ ശേഷം മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി മൊത്തത്തിൽ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അംഗീകരിക്കേണ്ടതും ആയതു പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടതുമാണ്. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രാമസഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. ഇത്തരം ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. അശ്വതി രാജ്, കുന്നത്ത് വീട്, ചിറ്റുമല-
2. ആവണി, ചാന്നാൻ തുണ്ടിൽ, തെക്കേമുറി
3. നിവേദിത. പി . സനൽ , അനശ്വര , ഉപ്പൂട്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി പദ്ധതി നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥയെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
ഗ്രാമസഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്കായി നൽകിയ ലാപ്ടോപ്പുകൾക്കായി ചെലവഴിച്ച 83,166/- രൂപ (27722x3) നിരാകരിക്കുന്നു. ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

2. വാങ്ങിയ ലാപ്ടോപ്പുകളിൽ രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

അക്ഷര രാജ്, അഖിൽ ഭവനം, ഉപ്പൂട്
അജിൽ അനി, ശാരദ വിലാസം, തെക്കേമുറി
മേൽ വ്യക്തികൾക്ക് നൽകുന്നതിനായി ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും നാളിതുവരെ ലാപ്ടോപ്പ് കൈപ്പറ്റിയതായി കാണുന്നില്ല. ഇതിൽ അക്ഷര രാജ് എന്ന വ്യക്തി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലാപ്ടോപ്പ് കൈപ്പറ്റാത്ത വിദ്യാർഥികൾക്ക് തപാൽ മുഖേന വിവരം അറിയിച്ചിട്ടും ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം പദ്ധതി ഗുണഭോക്തൃ പട്ടികയിൽ നിന്നും യോഗ്യരായ ആളുകളെ കണ്ടെത്തി വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ അടിയന്തിരമായി വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിതരണ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. അർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നത് വരെ 2 ലാപ്ടോപ്പുകൾക്ക് ചെലവഴിച്ച 55,444/- രൂപ (27722x2) തടസ്സപ്പെടുത്തുന്നു.

3. 2018-19 ൽ പഠനം പൂർത്തിയാക്കായ വിദ്യാർത്ഥിക്ക് 2020 - 21 ൽ ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നു.
ആര്യ രവീന്ദ്രൻ, വടക്കേ കല്ലുവിള, കൊട്ടുവിള എന്ന ഗുണഭോക്താവിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 2018-19 വർഷം MA IInd Year-ൽ പഠിച്ചിരുന്ന വിദ്യാർത്ഥിയായിരുന്നെന്ന് കാണുന്നു. തുടർന്ന് മറ്റേതെങ്കിലും കോഴ്സിന് പഠിച്ചിരുന്നതായി ബോധ്യപ്പെടുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം 18-19 വർഷം കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് 2019-20 ലെ പദ്ധതിയുടെ ഗുണഭോക്താവാകുന്നതിനും, 2020-21 വർഷം ലാപ്ടോപ്പ് വിതരണം ചെയ്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥയെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നുമാണ്.
പദ്ധതി കാലയളവിൽ വിദ്യാർത്ഥിയല്ലാതിരുന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ കടന്നുകൂടിയതും, ആനുകൂല്യം കൈപ്പറ്റിയതും അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 27,722/- രൂപ നിരാകരിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഒടുക്ക

വരുത്തേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 55,444/- രൂപ
നിരാകരിച്ച തുക – 1,10,888/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 4/26.10.21

1-13 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി, നം | കന്നുകുട്ടി പരിപാലന പദ്ധതി (55/21) |
| അടങ്കൽ തുക | 3,00,000/-(വികസന ഫണ്ട്)<br>3,00,000/-(ഗുണ. വിഹിതം) |
| ചെലവ് തുക | 3,00,000/-<br>(2,00,000/- ബിൽ നം. 8/3.3.21)<br>(1,00,000/- ബിൽ നം. 12/30.3.21) |

24 ഗുണഭോക്താക്കൾക്കായി 12,500/- രൂപ നിരക്കിൽ Asst. Director Calf Feed Scheme ന്റെ പേർക്ക് 3,00,000/-രൂപ ഒടുക്കു വരുത്തിയിട്ടുണ്ട്. തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല. വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക - 3,00,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. 7/28.10.21

1-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

2020-21 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി, നം. | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1. | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (13/21) | 19,89,347/- (CFC ഫണ്ട്) 95,200/- (തനത് ഫണ്ട്) | 19,89,347+ 20,653 | ബിൽ നം. 27/17.03.21 ചെക്ക് നം. 220668/19.3.21 | കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തി. |
| 2. | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (11/21) | 1,45,250/- (വികസന ഫണ്ട്) | 1,45,250/- | ബിൽ നം. 9/19.8.20 | KSEB |
| 3. | IKM വിഹിതം (4/21) | 83,000/- (വികസന ഫണ്ട്) | 82,020/- | ബിൽ നം. 7/8.7.20 | IKM |
| 4. | ജില്ലാ ആസൂത്രണ സമിതി മന്ദിര നിർമ്മാണം (181/21 | 1,50,000/- (തനത് ഫണ്ട്) | 1,50,000/- | ചെക്ക് നം. 0000076471/ 30.3.21 | ജില്ലാ പ്ലാനിംഗ് ഓഫീസർ |
| | | ആകെ | 23,87,270/- | | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ആകെ 23,87,270/- രൂപയുടെ ചെലവ്

തടസ്സപ്പെടുത്തുന്നു. വിശദമായ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/28.10.21
തടസ്സപ്പെടുത്തിയ തുക - 23,87,270/- രൂപ

1-15 സമഗ്ര നെൽകൃഷി വികസനം-മതിയായ രേഖകളുടെ അഭാവത്തിലും ആനുകൂല്യം വിതരണം ചെയ്തു

സമഗ്ര നെൽകൃഷി വികസനം പദ്ധതിയിൽ കൃഷി ചെയ്ത ഭൂമിയുടെ അളവ് വ്യക്തമാക്കുന്ന രേഖകളുടെ അഭാവത്തിൽ കൂലിചെലവ് അനുവദിച്ചു നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പദ്ധതി, നം | സമഗ്ര നെൽകൃഷി വികസനം, 20/21 |
| അടങ്കൽ തുക | 4,42,046/- (വികസന ഫണ്ട്)<br>4,42,046/- (ബ്ലോക്ക് വിഹിതം) |
| ചെലവ് തുക | 2,96,692/- (3/16.10.20)<br>2,96,692/- (4/12.11.20)<br>1,45,354/- (12/19.1.21)<br>1,45,354/- (13/19.1.21) |

ടി പദ്ധതിയിൽ പെരുംകുളം പാടശേഖര സമിതിയിൽ 6 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിൽ രണ്ട് തവണയായി 66,000/- രൂപ വീതം ആകെ 1,32,000/- രൂപ രവീന്ദ്രൻ നായർ എന്ന വ്യക്തിയുടെ പേർക്ക് നൽകിയതായി കാണുന്നു. ടി വ്യക്തിയുടെ പേർക്ക് തുക അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. 6 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തത് സംബന്ധിക്കുന്ന വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല. ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ കൂലിചെലവ് അനുവദിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/27.10.21) മറുപടി ലഭ്യമാക്കിയിട്ടുള്ളത് പദ്ധതി ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഉടമകളുടെ കരം അടച്ച രസീത് ലഭ്യമല്ലാത്തതിനാൽ കൃഷി ചെയ്തവർക്ക് ആനുകൂല്യം നൽകാൻ കൃഷി ഓഫീസറെ പഞ്ചായത്ത് കമ്മിറ്റി ചുമതലപ്പെടുത്തിയെന്നാണ് (21.10.2020 തീയതിയിലെ 17/1-ാം നമ്പർ തീരുമാനം). ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിലല്ലാതെ കൂലിചെലവ് അനുവദിക്കുമ്പോൾ അർഹതയുള്ളവർക്ക് അനുവദനീയമായ നിരക്കിൽ ആനുകൂല്യം ലഭ്യമാകുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ കഴിയുന്നില്ല. ആയതിനാൽ ഭൂവിസ്തൃതി തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ കൂലിചെലവ് അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. കർഷകർക്ക് തുക അനുവദിച്ച് നൽകിയതിന്റെ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 1,32,000/- രൂപ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 1,32,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. 5/27.10.2021

1-16 വീട് മെയിന്റനൻസ്-പണി പൂർത്തീകരിച്ചില്ല

കിഴക്കേക്കല്ലട ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം വി.ഇ.ഒ വീട് മെയിന്റനൻസ്- (ജനറൽ, എസ്.സി.പി) എന്നീ പ്രോജക്ടുകളുടെ നിർവഹണം നടത്തിയിട്ടുണ്ട്. ആകെ പദ്ധതി ആനുകൂല്യം 50,000/- രൂപയാണ്. സാമ്പത്തിക വർഷം ആരംഭത്തിൽ എഗ്രിമെന്റ് വച്ചതിനു ശേഷം ഒരു വർഷത്തിനുള്ളിൽ പണി പൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റണം. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയതിനുശേഷം പണി പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വീട് മെയിന്റനൻസ് - (ജനറൽ) പ്രോജക്ട് നം-31
വികസന ഫണ്ട് - അടങ്കൽ തുക - 30,00,000/- രൂപ

ചെലവഴിച്ച തുക – 21,00,000/- രൂപ

1) ബിൽ നം-30 / 20-21/28/10/20, തുക – 8,50,000/- രൂപ

2) 33/20-21 / 3/10/20, തുക - 1,00,000/- രൂപ

3) 46/20-21 / 30/12/20, തുക – 50,000/- രൂപ

4) 48/20-21 / 30/12/20, തുക – 25,000/- രൂപ

5) 49/20-21 / 30/12/20, തുക - 25,000/- രൂപ

6) 50/20-21 / 15/2/21, തുക - 8,50,000/- രൂപ

7) 69/20-21 / 26/3/21, തുക - 50,000/- രൂപ

8) 70/20-21 / 26/3/21, തുക – 25,000/- രൂപ

9) 74/20-21 / 27/3/21, തുക – 25,000/- രൂപ

10) 43/20-21 / 23/12/20, തുക – 1,00,000/- രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/<br>വാർഡ് നം | കൈപ്പറ്റിയ തുക | തീയതി |
|---|---|---|---|
| 1 | ജോസ് പ്രസാദ്, ഫെബിൻ<br>നിവാസ്, തെക്കേമുറി, കിഴക്കേക്കല്ലട വാർഡ് നം-7 | 25,000/- | 27/10/20 |
| 2 | സിജി സജ്ജ സജ്ജമന്ദിരം കോയിക്കൽമുറി<br>വാർഡ്-1 | 25,000/- | 26/2/21 |
| 3 | ഏലിയാമ്മ ആച്ചേരിൽവീട്<br>കോയിക്കൽമുറിവാർഡ് -1 | 25,000/- | 26/2/21 |

2. വീട് മെയിന്റനൻസ് - (പട്ടികജാതി വിഭാഗം) പ്രോജക്ട് നം-32

വികസനഫണ്ട് (എസ്.സി.പി) അടങ്കൽ - 21,00,000/- രൂപ

ചെലവഴിച്ച തുക – 8,50,000/- രൂപ

1) ബിൽ നം-29/20-21 / 28/10/20, തുക-3,00,000/- രൂപ

2) 35/20-21 / 30/10/20, തുക – 25,000/- രൂപ

3) 41/20-21 / 13/11/20, തുക - 25,000/- രൂപ

4) 44/20-21 / 30/12/20, തുക - 1,00,000/- രൂപ

5) 52/20-21 / 15/2/21, തുക – 1,00,000/- രൂപ

6) 53/20-21 / 24/2/21, തുക – 50,000/- രൂപ

7) 58/20-21 / 18/3/21, തുക – 25,000/- രൂപ

8) 79/20-21 / 26/3/21, തുക – 1,00,000/- രൂപ

9) 80/20-21 / 26/3/21, തുക – 25,000/- രൂപ

10) 84/20-21 / 30/3/21, തുക – 50,000/- രൂപ

11) 54/20-21 / 18/3/21, തുക – 50,000/- രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/<br>വാർഡ് നം | കൈപ്പറ്റിയതുക | തീയതി |
|---|---|---|---|
| 1 | രാജേഷ്, മണക്കടകിഴക്കതിൽ മുട്ടം<br>വാർഡ്-11 | 25,000/- | 27/10/20 |
| 2 | കുഞ്ഞിപ്പെണ്ണ്, മുലവിളവീട്, ശിങ്കാരപ്പള്ളി<br>വാർഡ്-13 | 25,000/- | 19/12/20 |
| 3 | സബിത, കൊമ്പത്തിൽ വീട്, | 25,000/- | 27/10/20 |

| | | | |
|---|---|---|---|
| | കോയിക്കൽമുറി, വാർഡ്-1 | | |
| 4 | വത്സല, കോട്ടൂത്തവടക്കതിൽ,<br>വാർഡ്-15 | 25,000/- | 19/12/20 |
| 5 | സുഷമ, ശരത് നിവാസ്,<br>ഓണമ്പലം വാർഡ് -7 | 25,000/- | 25/3/21 |
| 6 | സുഗതൻ, രോഹിണി,<br>ഉപ്പൂട് വാർഡ്-4 | 25,000/- | 25/3/21 |

ടി ഗുണഭോക്താക്കൾ നാളിതുവരെയായി പണിപൂർത്തീകരിച്ച് രണ്ടാംഗഡുകൈപ്പറ്റിയിട്ടില്ല. ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഭവനപുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും പണിപൂർത്തീകരിക്കുന്ന മുറക്ക് വാല്യുവേഷൻ നൽകി രണ്ടാംഗഡു നൽകുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണംപൂർത്തീകരിക്കുന്നമുറക്ക് രണ്ടാം ഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിന്റെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-6 തീയതി-26/10/21

1-17 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം – 10/21
വികസനഫണ്ട് അടങ്കൽ – 50,000/- രൂപ
ചെലവ് – 50,000/- രൂപ
ബിൽ നം - 4/20-21 തുക – 50,000/- രൂപ തീയതി – 12/11/20

മെഡിക്കൽ ഓഫീസർ 2020-21 വർഷം നടത്തിയ പ്രോജക്ടുകളിൽ ഒന്നാണ് ജിവനംപദ്ധതിക്കായിജില്ലാപഞ്ചായത്തിന് വിഹിതം നൽകൽ. പദ്ധതിയുടെ ഭാഗമായി 10/11/20ൽ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം- 6805806820) തുക നൽകി. എന്നാൽ ഹാജരാക്കിയ ഫയലിൽ ജില്ലാപഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 50,000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.
ഓഡിറ്റ് എൻക്വയറി നം – 15 / 29/10/21
തടസ്സപ്പെടുത്തിയ തുക – 50,000/- രൂപ

1-18 ലേലം നടത്തിപ്പിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ, കിഴക്കേ കല്ലട പബ്ലിക് മാർക്കറ്റിലെ സ്റ്റാൾ നമ്പർ-7 ലേലം കൊണ്ട ശ്രീ. അനിൽ, മംഗല്യ, പഴയാർ എന്ന വ്യക്തി ലേല ഡയറി പ്രകാരം ലേലം വിളിച്ച തുക നാളിതുവരെ ഒടുക്ക് വരുത്തിയിട്ടില്ലെന്ന് കണ്ടു. സെക്യൂരിറ്റി നിക്ഷേപ തുകയും ടിയാനിൽ നിന്ന് ഈടാക്കിയിരുന്നില്ല. 16.03.2021 ലെ 2(11)-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം ലേലം ഉറപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി കടമുറി ഇപ്പോഴും പ്രവർത്തിച്ച് വരുന്നു.

പഞ്ചായത്ത് കമ്മറ്റിയുടെ ലേല നിബന്ധനകളിൽ ക്രമ നം. 17 പ്രകാരം ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തിയാൽ അപ്പോൾ തന്നെ ലേലതുകയും നിയമാനുസൃത നികുതികളും പഞ്ചായത്ത് ആഫീസിൽ ഒടുക്ക് വരുത്തേണ്ടതുണ്ട്. അല്ലാത്തപക്ഷം ലേലം അംഗീകരിക്കുന്നതല്ലെന്ന് മാത്രമല്ല നിരത ദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതാണെന്നും പറയുന്നുണ്ട്. നിശ്ചിത തുകയ്ക്കുള്ള മുദ്രപത്രത്തിൽ പഞ്ചായത്ത് നിർദ്ദേശിക്കും പ്രകാരം കരാർ വയ്ക്കാത്തവരുടെ ലേലാവകാശം അതേ കാരണം കൊണ്ടുതന്നെ റദ്ദാക്കി, ലേലക്കാരന്റെ ഉത്തരവാദിത്വത്തിൽ പുനർലേലം ചെയ്യണമെന്നിരിക്കെ ശ്രീ. അനിലിന്റെ പേരിൽ ലേലം ഉറപ്പിച്ച നടപടി ലേല നിബന്ധനകൾക്ക് വിരുദ്ധമാണ്. മേൽ വിഷയം സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ്-19 മൂലവും ലോക്ക്ഡൗൺ കാലയളവിൽ പോലീസ് നിർദ്ദേശാനുസരണം കട തുറക്കാൻ

കഴിയാതിരുന്നതിനാലുമാണ് തുക അടയ്ക്കാതിരുന്നതെന്ന് മറുപടി ലഭ്യമാക്കി. 29/10/21 തീയതിയിൽ 12101010187-ആം നമ്പർ രസീത് പ്രകാരം ടിയാൻ 1,500/- രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒടുക്ക് വരുത്തിയ രേഖകൾ ഹാജരാക്കിയിട്ടുമുണ്ട്. തൻവർഷം നിലനിൽക്കുന്ന വാടകകുടിശ്ശിക ഉടൻ തന്നെ ഒടുക്ക് വരുത്താമെന്നാണ് അറിയിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി ലഭ്യമാക്കി. കുടിശ്ശിക തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലേല നിബന്ധനകൾ പാലിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 12/28.10.21

## 1-19 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19- ലെ സി.എസ്.എ 9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറുടെ സ്പഷ്ടീകരണത്തിലും സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ ടി സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കുകയോ ചെയ്തിട്ടില്ലെന്ന് 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റേഷൻ കടകളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം: 19/29.10.21

## 1-20 മരുന്നുകൾ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി തുക ചെലവഴിച്ചെങ്കിലും മരുന്നുകൾ നിലവിലും ലഭ്യമായിട്ടില്ല.

| | |
|---|---|
| I. പ്രോജക്ട് നം-2/21<br>അടങ്കൽ<br>ചെലവഴിച്ച തുക | പാലിയേറ്റീവ് കെയർ<br>6,00,000/- രൂപ (വികസനഫണ്ട്)<br>5,39,380/-രൂപ |
| 1) ബിൽ നം - 6/20-21 / 12/11/20 | 2,10,080/-രൂപ |
| 2) 2/20-21 / 15/1/21 | 96,480/-രൂപ |
| 3) 3/20-21 / 25/8/20 | 65,520/-രൂപ |
| 4) 7/20-21 / 27/1/21 | 64,320/-രൂപ |
| 5) 9/20-21 / 29/3/21 | 1,02,980/-രൂപ |
| II. പ്രോജക്ട് നം-3/21<br>അടങ്കൽ<br>ചെലവഴിച്ച തുക | അലോപ്പതിക്ക് മരുന്നുവാങ്ങൽ<br>4,00,000/-രൂപ (മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>4,00,000/-രൂപ |
| ബിൽ നം-5/21 / 12/11/20 | 4,00,000/-രൂപ |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ പേര് | തുക കൈമാറിയ | കൈമാറിയ തുക | മരുന്നുകൾ ലഭ്യമായതിന്റെ | ലഭ്യമാക്കാനുള്ള മരുന്നുകളുടെ |
|---|---|---|---|---|---|

| | | സ്ഥാപനം | | വിശദാംശം | വിശദാംശങ്ങൾ |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പാലിയേറ്റീവ് കെയർ | KMSCL | 1,50,000/- | 49,508/- | 1,00,492/- |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | അലോപ്പതിക്ക് മരുന്നുവാങ്ങൽ | KMSCL | 4,00,000/- | - | 4,00,000/- |

ലഭ്യമാക്കാനുള്ള മരുന്നുകളുടെ വിശദാംശങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 15/29.10.2021

1-21 പാലിന് സബ്സിഡി അനുവദനീയമായതിലും അധികമായി 8,097/- രൂപ അനുവദിച്ചു- ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. 101 (സ്പിൽ ഓവർ)

ജില്ല പഞ്ചായത്ത് വിഹിതം -2,99,090/-

നിർവഹണ ഉദ്യോഗസ്ഥ- ഡയറി ഫാം ഇൻസ്ട്രക്ടർ

14.02.2018 ലെ സ.ഉ (കൈ) നം.22/2018/ത.സ്വ.ഭവ ഖണ്ഡിക6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 4 രൂപ തോതിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന 1 രൂപ ഉൾപ്പടെ) പാലിന് സബ്സിഡിക്ക് അർഹതയുണ്ട്. എന്നാൽ മേൽ പരിധിയിലും അധികമായി 8,097/- രൂപ ആനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | പേര് | ക്ഷീരകർഷകർ അളക്കുന്ന പാലിന്റ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് വിശദാംശം | 3 രൂപ തോതിൽ അനുവദനീയമായ തുക (പരമാവധി തദ്ദേശ വിഹിതം) | അനുവദിച്ച തുക | അധികം അനുവദിച്ച തുക | ബിൽ നം |
|---|---|---|---|---|---|---|
| 1 | ഗോകുൽ ടി.സി | ഉപ്പൂട് KUCS, 01/2020, ക്രമ നം 32 = 581 Ltr | 1,743 | 5,321 | 3,578 | ബിൽ നം3/15-05-2020 ക്രമ നം 163 |
| 2 | ജസീന്ത സൈമൺ | കൊട്ടുവിള KUCS, 01/2020, ക്രമ നം 13 = 396 Ltr | 1,188 | 3,566 | 2,378 | ബിൽ നം3/15-05-2020 ക്രമ നം 13 |
| 3 | രവീന്ദ്രൻ പിള്ള | ഉപ്പൂട് KUCS, 01/2020, ക്രമ നം 27 = 207 Ltr | 621 | 391 + 2575 =2,966 | 2,141 | ബിൽ നം3/15-05-2020 ക്രമ നം 21 =393 |
| 4 | രവീന്ദ്രൻ പിള്ള | പഴയറ KUCS, 01/2020, ക്രമ നം 14 = 68Ltr | 204 | | | ബിൽ നം3/15-05-2020 ക്രമ നം 165 =2575 |
| | | | | | 8,097 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആധികമായി വിതരണം ചെയ്ത 8,097/- രൂപ

നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-22 കറവപ്പശുക്കൾക്ക് കാലിത്തീറ്റ അനുവദനീയമായതിലും അധികമായി 8,680/- രൂപ അനുവദിച്ചു-ചെലവ് നിരാകരിക്കുന്നു

പ്രോജക്റ്റ് നം. 53 (സ്പിൽ ഓവർ) കറവപ്പശുക്കൾക്ക് കാലിത്തീറ്റ ജനറൽ

പൊതു വിഭാഗം സാധാരണ വിഹിതം - 3,14,251/- രൂപ

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

കറവപ്പശുക്കൾക്ക് കാലിത്തീറ്റ ജനറൽ എന്ന പദ്ധതിക്ക് ഫെബ്രുവരി മാസത്തെ (വർഷം രേഖപ്പെടുത്തിയിട്ടില്ല) കാലിത്തീറ്റ വിതരണത്തിന് ബിൽ നം. 17/12-03-2021 പ്രകാരം 29,155/- രൂപ ഉപ്പൂട് ക്ഷീര സഹകരണ സംഘത്തിന്റെ അക്കൗണ്ട് നമ്പർ 67089079243 ലേക്ക് ട്രാൻസ്ഫർ ചെയിതിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക അനുവദിക്കുന്നതിനായി സഹകരണസംഘം ഹാജരാക്കിയിട്ടുള്ള കാലിത്തീറ്റ / സബ്സിഡി അർഹത സ്റ്റേറ്റ്മെന്റ് പ്രകാരം 23 ക്ഷീരകർഷകർക്ക് 20,475/- രൂപയാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. 8,680/- രൂപ (29,155-20,475) അധികം അനുവദിച്ചതിന്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആധികമായി വിതരണം ചെയ്ത 8,680/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-23 രേഖകളുടെ ആഭാവത്തിൽ 3,62,904/- രൂപയുടെ ആധികാരികത ഉറപ്പാക്കാൻ കഴിയുന്നില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീര സംഘങ്ങളിൽ ക്ഷീരകർഷകർ അളക്കുന്ന പാലളവിന്റെ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ്, ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ട് വിശദാംശം എന്നിവയുടെ അടിസ്ഥാനത്തിലാണ് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അനുവദിക്കേണ്ടത്. താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം സബ്സിഡി വിതരണം ചെയ്യുന്നതിന് ആധാരമാക്കിയതും ഓഡിറ്റിന് ലഭ്യമാക്കിയതുമായ ചെലവ് രേഖകളിൽ ബില്ലുകൾക്കൊപ്പം സമർപ്പിച്ച പാലിളവിന്റെ പ്രതിമാസ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ വിശദാംശം | ഹാജരാക്കാത്ത രേഖ | ആധികാരികത ഉറപ്പാക്കാൻ കഴിയാത്ത ചെലവ് തുക |
|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ 51/21 പാലിന് സബ്സിഡി-ജനറൽ (പൊതു വിഭാഗം സാധാരണ വിഹിതം - 7,00,000/-) ബിൽ നം 12/13.01.2021 | ഈസ്റ്റ് കല്ലട KUCS ലെ 73 കർഷകർക്ക് 09/2020, 10/2020, 11/2020, എന്നീ മാസങ്ങളിലെ പാൽ അളവിന് 1,99,908/- രൂപ അനുവദിച്ചു. പാലളവിന്റ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തലില്ല. | 1,99,908/- |
| 2 | പ്രോജക്റ്റ് നമ്പര് 101/21 | 78 കർഷകർക്ക് പാൽ അളവിന് 2,02,299/- രൂപ അനുവദിച്ചു. ആയതിൽ 39,303/- രൂപ | 1,62,996/- |

| | | | |
|---|---|---|---|
| | പാലിന് സബ്സിഡി-ജനറൽ (സ്പിൽ ഓവർ)<br>(ജില്ല പഞ്ചായത്ത വിഹിതം 2,99,090/-)<br>ബിൽ നം 2/ 12-05-2020 | അനുവദിച്ചതിന്റെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ മാത്രമാണ് ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തലുള്ളത്<br>(ക്രമ നം 5 = 7,803<br>ക്രമ നം 10 = 1,866<br>ക്രമ നം 11 = 1,704<br>ക്രമ നം 18 = 2,265<br>ക്രമ നം 29 = 606<br>ക്രമ നം 36 = 8,151<br>ക്രമ നം 51 = 330<br>ക്രമ നം 54 = 2,334<br>ക്രമ നം 59 = 6,663<br>ക്രമ നം 64 = 2,700<br>ക്രമ നം 65 = 195<br>ക്രമ നം 66 = 3,315<br>ക്രമ നം 67 = 582<br>ക്രമ നം 76 = 789<br>----------------------<br>ആകെ 39,303)<br>(2,02,299 – 39,303 = 1,62,996)<br>1,62,996/- രൂപ അനുവദിച്ചതിന്റെ പ്രതിമാസ സ്റ്റേറ്റ്മെന്റിൽ ക്ഷീര സംഘത്തിന്റെ സാക്ഷ്യപ്പെടുത്തലില്ല. | |
| | | | 3,62,904/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 3,62,904/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ക്ഷീര സംഘത്തിൽ നിന്നുള്ള സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി അനുവദനീയമായതിലും അധികമായി 8,097/- രൂപ അനുവദിച്ചു - ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. 101 (സ്പിൽ ഓവർ)

ജില്ല പഞ്ചായത്ത് വിഹിതം – 2,99,090/-

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

14.02.2018 ലെ സ.ഉ (കൈ) നം.22/2018/ത.സ്വ.ഭവ ഖണ്ഡിക 6.2.8 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന 1 ലിറ്റർ പാലിന് 4 രൂപ തോതിൽ (ക്ഷീര വികസന വകുപ്പ് നല്കുന്ന 1 രൂപ ഉൾപ്പടെ) പാലിന് സബ്സിഡിക്ക് അർഹതയുണ്ട് . എന്നാൽ മേൽ പരിധിയിലും അധികമായി 8,097/- രൂപ അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്/അക്കൗണ്ട് നം | ക്ഷീരകർഷകർ അളക്കുന്ന പാലിന്റ സാക്ഷ്യപ്പെടുത്തിയ പ്രതിമാസ സ്റ്റേറ്റ്മെന്റ് വിശദാംശം | 3 രൂപ തോതിൽ അനുവദനീയമായ തുക (പരമാവധി തദ്ദേശ വിഹിതം) | അനുവദിച്ച തുക | അധികം അനുവദിച്ച തുക | ബിൽ നം |
|---|---|---|---|---|---|---|
| 1 | ഗോകുൽ ടി.സി | ഉപ്പൂട് KUCS, 01/2020, ക്രമ നം 32 = 581 Ltr | 1,743 | 5,321 | 3,578 | ബിൽ നം. 3/15-05-2020 ക്രമ നം 163 |
| 2 | ജസീന്ത സൈമൺ | കൊട്ടുവിള KUCS, 01/2020, ക്രമ നം 13 = 396 Ltr | 1,188 | 3,566 | 2,378 | ബിൽ നം. 3/15-05-2020 ക്രമ നം 13 |
| 3 | രവീന്ദ്രൻ പിള്ള | ഉപ്പൂട് KUCS, 01/2020, ക്രമ നം 27 = 207 Ltr | 621 | 391 + 2575 =2,966 | 2,141 | ബിൽ നം. 3/15-05-2020 ക്രമ നം 21 = 393 |
| 4 | രവീന്ദ്രൻ പിള്ള | പഴയറ KUCS, 01/2020, ക്രമ നം 14 = 68 Ltr | 204 | | | ബിൽ നം. 3/15-05-2020 ക്രമ നം 165 = 2575 |
| | | | | | 8,097 | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആധികമായി വിതരണം ചെയ്ത 8,097/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

### 3-2 കറവപ്പശുക്കൾക്ക് കാലിത്തീറ്റ -അനുവദനീയമായതിലും അധികമായി 8680 രൂപ അനുവദിച്ച-ചെലവ് നിരാകരിക്കുന്നു

പ്രോജക്ട് നം. 53 (സ്പിൽ ഓവർ) കറവപ്പശുക്കൾക്ക് കാലിത്തീറ്റ ജനറൽ

പൊതു വിഭാഗം സാധാരണ വിഹിതം - 3,14,251/- രൂപ

നിർവഹണ ഉദ്യോഗസ്ഥ - ഡയറി ഫാം ഇൻസ്ട്രക്ടർ

കറവപ്പശുക്കൾക്ക് കാലിത്തീറ്റ ജനറൽ എന്ന പദ്ധതിക്ക് ഫെബ്രുവരി മാസത്തെ (വർഷം രേഖപ്പെടുത്തിയിട്ടില്ല) കാലിത്തീറ്റ വിതരണത്തിന് ബിൽ നം 17/12-03-2021 പ്രകാരം 29,155/- രൂപ ഉപ്പൂട് ക്ഷീര സഹകരണ സംഘത്തിന്റെ അക്കൗണ്ട് നമ്പർ 67089079243 ലേക്ക് ട്രാൻസ്ഫർ

ചെയിതിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക അനുവദിക്കുന്നതിനായി സഹകരണസംഘം ഹാജരാക്കിയിട്ടുള്ള കാലിത്തീറ്റ/ സബ്സിഡി അർഹത സ്റ്റേറ്റ്മെന്റ് പ്രകാരം 23 ക്ഷീരകർഷകർക്ക് 20,475/- രൂപയാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. 8,680/- രൂപ (29155-20475) അധികം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആധികമായി വിതരണം ചെയ്ത 8,680/- രൂപ ഉപ്പൂട് ക്ഷീര സഹകരണ സംഘത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി- വാങ്ങിയ ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി.

പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് പദ്ധതി-

1. അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്ത വിദ്യാർഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു.

2. വാങ്ങിയ ലാപ്ടോപ്പുകളിൽ രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

3. 2018-19 ൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് 2020-21 ൽ ലാപ് ടോപ്പ് വിതരണം ചെയ്തിരിക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പദ്ധതി, നം | പട്ടികജാതി വിദ്യാർഥികൾക്ക് ലാപ്ടോപ്പ് (114/21) |
| അടങ്കൽ തുക | 8,40,000/-(SCPഫണ്ട്) |
| ചെലവ് തുക | 8,31,660/- (3,88,108/- (ബിൽ നം. 2/21.11.20) & 4,43,552/- (ബിൽ നം. 1/21.11.20)) |

സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിക്കായി കെൽട്രോണിൽ നിന്നും 27,722/- രൂപ നിരക്കിൽ 30 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗരേഖ പ്രകാരം പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിൽ അടിസ്ഥാനപരമായി ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. ഗ്രാമസഭയിൽ ലഭിക്കുന്ന എല്ലാ അപേക്ഷകളും മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ടതും ഓരോ വാർഡിലും പരിശോധന പൂർത്തിയാക്കിയ ശേഷം മുൻഗണനാക്രമത്തിന്റെ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി മൊത്തത്തിൽ പട്ടിക തയ്യാറാക്കി ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ അംഗീകരിക്കേണ്ടതും ആയതു പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകേണ്ടതുമാണ്. എന്നാൽ ഇതിന് വിരുദ്ധമായി ഗ്രാമസഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിരിക്കുന്നു. ഇത്തരം ആനുകൂല്യം കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

1. അശ്വതി രാജ്, കുന്നത്ത് വീട്, ചിറ്റുമല-
2. ആവണി, ചാന്നാൻ ഇണ്ടിൽ, തെക്കേമുറി
3. നിവേദിത. പി . സനൽ , അനശ്വര , ഉപ്പൂട്

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി പദ്ധതി നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥയെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
ഗ്രാമസഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ നടപടി അംഗീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്. ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്കായി നൽകിയ ലാപ്ടോപ്പുകൾക്കായി ചെലവഴിച്ച 83,166/- രൂപ (27722x3) നിരാകരിക്കുന്നു. ടി തുക നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

2. വാങ്ങിയ ലാപ്ടോപ്പുകളിൽ രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല

അക്ഷര രാജ്, അഖിൽ ഭവനം, ഉപ്പൂട്
അജിൽ അനി, ശാരദ വിലാസം, തെക്കേമുറി
മേൽ വ്യക്തികൾക്ക് നൽകുന്നതിനായി ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും നാളിതുവരെ ലാപ്ടോപ്പ് കൈപ്പറ്റിയതായി കാണുന്നില്ല. ഇതിൽ അക്ഷര രാജ് എന്ന വ്യക്തി അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ലാപ്ടോപ്പ് കൈപ്പറ്റാത്ത വിദ്യാർഥികൾക്ക് തപാൽ മുഖേന വിവരം അറിയിച്ചിട്ടും ലാപ്ടോപ്പ് കൈപ്പറ്റിയിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഭരണസമിതിയുടെ തീരുമാനപ്രകാരം പദ്ധതി ഗുണഭോക്തൃ പട്ടികയിൽ നിന്നും യോഗ്യരായ ആളുകളെ കണ്ടെത്തി വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലാപ്ടോപ്പുകൾ അടിയന്തിരമായി വിതരണം ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും വിതരണ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. അർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നത് വരെ 2 ലാപ്ടോപ്പുകൾക്ക് ചെലവഴിച്ച 55,444/- രൂപ (27722x2) തടസ്സപ്പെടുത്തുന്നു.

3. 2018-19 ൽ പഠനം പൂർത്തിയാക്കായ വിദ്യാർത്ഥിക്ക് 2020 - 21 ൽ ലാപ്ടോപ്പ് വിതരണം ചെയ്തിരിക്കുന്നു.
ആര്യ രവീന്ദ്രൻ, വടക്കേ കല്ലുവിള, കൊട്ടുവിള എന്ന ഗുണഭോക്താവിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ 2018-19 വർഷം MA IInd Year-ൽ പഠിച്ചിരുന്ന വിദ്യാർത്ഥിയായിരുന്നെന്ന് കാണുന്നു. തുടർന്ന് മറ്റേതെങ്കിലും കോഴ്സിന് പഠിച്ചിരുന്നതായി ബോധ്യപ്പെടുന്ന രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരം 18-19 വർഷം കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിക്ക് 2019-20 ലെ പദ്ധതിയുടെ ഗുണഭോക്താവാകുന്നതിനും, 2020-21 വർഷം ലാപ്ടോപ്പ് വിതരണം ചെയ്തതിനുള്ള വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ നിർവഹണോദ്യോഗസ്ഥയെ വിവരം അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്നുമാണ്.
പദ്ധതി കാലയളവിൽ വിദ്യാർത്ഥിയല്ലാതിരുന്ന വ്യക്തി ഗുണഭോക്തൃ ലിസ്റ്റിൽ കടന്നുകൂടിയതും, ആനുകൂല്യം കൈപ്പറ്റിയതും അംഗീകരിക്കുന്നില്ല. ആയതിനാൽ ലാപ്ടോപ്പ് നൽകുന്നതിന് ചെലവഴിച്ച 27,722/- രൂപ നിരാകരിക്കുന്നു. നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.
തടസ്സപ്പെടുത്തിയ തുക – 55,444/- രൂപ
നിരാകരിച്ച തുക – 1,10,888/- രൂപ
ഓഡിറ്റ് എൻക്വയറി നം. – 4/26.10.21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 24-10-2021 | കെ.എസ്.എ.കെ.എൽ.എം.പി4/1555/21. തീയതി – 16.06.2022 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രൊജക്റ്റിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 4,42,046 | സമഗ്ര നെൽകൃഷി വികസനം | 4,42,046 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| പഞ്ചായത്ത്, | | 3,84,204 | സുഭിക്ഷ കേരളം തരിശ്ശ് രഹിത കൃഷി | 3,84,204 | 0 |
| | | 1,23,300 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ 102 | 1,23,300 | 0 |
| | | 1,15,200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ58 | 1,15,200 | 0 |
| | | 1,50,000 | അംഗനവാടി അനുപൂരക പോഷകാഹാരം | 1,50,000 | 0 |
| | | 7,00,000 | ലൈഫ് -ഭൂമി വാങ്ങൽ ഭവന നിർമ്മാണം (ജനറൽ) പ്രോജക്ട് നമ്പർ 29 | 700,000 | 0 |
| | | 9,30,000 | ലൈഫ് - ഭവന നിർമ്മാണം (ജനറൽ) പ്രോജക്ട് നമ്പർ 168 | 9,30,000 | 0 |
| | | 2,25,000 | ലൈഫ് (SC) ഭൂമി വാങ്ങൽ പ്രോജക്ട് നമ്പർ 30 | 2,25,000 | 0 |
| | | 6,00,000 | ലൈഫ് (SC) ഭൂമി വാങ്ങൽ പ്രോജക്ട് നമ്പർ 137 | 6,00,000 | |
| | | 2,10,000 | ലൈഫ് (SC) പ്രോജക്ട് നമ്പർ 169 | 2,10,000 | 0 |
| | | 1,91,877 | പൈങ്ങാവേലിൽ പുതിയോടത്ത് റോഡ് കോൺക്രീറ്റ് | 1,91,877 | 0 |
| | | 1,00,000 | ബംഗ്ളാചെരുവ് റോഡ് പാർശ്വഭിത്തി നിർമ്മാണം | 1,00,000 | 0 |
| | | 99,606 | സബ് സെന്റർ പാറപ്പുറം റോഡ് കോൺക്രീറ്റ് | 99,606 | 0 |
| | | 99,628 | പരിച്ചേരി പ്ലാവിള റോഡ് കോൺക്രീറ്റ് | 99,628 | 0 |
| | | 1,00,000 | കോടവിള കാഷ്യൂ ഫാക്ടറി മുതൽ ചരുവിൽ വീട് വരെയുള്ള പാർശ്വഭിത്തി നിർമ്മാണം | 1,00,000 | 0 |
| | | 1,00,000 | സർവ്വീസ് സ്റ്റേഷൻ ഇുരത്തേൽ റോഡ് | 1,00,000 | 0 |
| | | 99,636 | സർവ്വീസ് സ്റ്റേഷൻ -മല്ലശ്ശേരി റോഡ് കോൺക്രീറ്റ് | 99,636 | 0 |
| | | 4,00,000 | ഉപ്പാശ്ശേരി പറങ്കിമാംതറ ഓട നിർമ്മാണം | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത്, കൊല്ലം | 2020-21 | 2,99,090 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 2,99,090 | 0 |
| | | 1,15,200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് പ്രോജക്ട് നമ്പർ58 | 1,15,200 | 0 |
| | | 1,00,000 | അംഗനവാടി അനുപൂരക പോഷകാഹാരം | 1,00,000 | 0 |
| | | 1,13,232 | സുഭിക്ഷ കേരളം തരിശ്ശ് രഹിത കൃഷി | 1,13,232 | 0 |
| | | 5,60,000 | ലൈഫ് (SC) ഭൂമി വാങ്ങൽ പ്രോജക്ട് നമ്പർ 137 | 5,60,000 | 0 |
| | | 3,20,000 | അങ്കണവാടി നിർമ്മാണം-കൊച്ചപിലാമൂട് | 3,20,000 | 0 |

| | | | | |
|---|---|---|---|---|
| | 4,00,000 | അങ്കണവാടി നിർമ്മാണം-പഴയാർ | 4,00,000 | 0 |
| | 3,20,000 | അങ്കണവാടി നിർമ്മാണം-ഉപ്പൂട് | 3,20,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | ബിൽ നം. 9/19.8.2020 | 1,45,250/- | 0 | 1,45,250/- |
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം. 27/13.3.2021 ബിൽ നം. 4/12.6.2020 | 20,10,000/- | 0 | 20,10,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 22,00,000/- രൂപ വരവുണ്ട്. മുൻബാക്കി 25,57,280/- രൂപയടക്കം 47,57,280/- രൂപയിൽ 5,40,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan | - | 22,00,000/- | 2,17,78,456/- | 19,47,176/- | - | 2,20,31,280/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21782/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2017-18 | 3(3) | 7,860/- | ബി വിനയകമാർ അസിസ്റ്റന്റ് സെക്രട്ടറി | 12010100176/ 04-06-2020 |
| 2018-19 | 3(1) | 13,922/- | ജ്യോതിരാജ് സെക്രട്ടറി | 12010103140/ |

| | | | | |
|---|---|---|---|---|
| | | | | 22-03-2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |
| 2016-2017 | 2-1, 2-2 | 2016-2017 | 2-1, 2-2 | തൊഴിൽ നികുതി | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8,097/- | ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-2 | | 8,680/- | ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-3 | | 1,10,888/- | ശ്രീമതി ജയലക്ഷ്മി, അസി. സെക്രട്ടറി |
| | ആകെ | 1,27,665/- | |

(ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 55,444/- | ശ്രീമതി ജയലക്ഷ്മി, അസി. സെക്രട്ടറി |
| 1-13 | 3,00,000/- | ഡോ. ബിന്ദു. എസ്, വെറ്റിനറി സർജൻ |
| 1-14 | 21,60,000/- | ശ്രീമതി ജയലക്ഷ്മി, സെക്രട്ടറി ഇൻ ചാർജ്ജ് |
| | 2,27,270/- | ശ്രീ വിജയൻ. എം, സെക്രട്ടറി |
| 1-15 | 1,32,000/- | ശ്രീമതി സുമി മോഹൻ, കൃഷി ഓഫീസർ |
| 1-17 | 50,000/- | ഡോ. പ്രഭ കെ. നമ്പൂതിരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

| | | |
|---|---|---|
| 1-23 | 3,62,904/- | ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 32,87,618/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷീബ ഫ്രാൻസിസ്, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | എസ്. എസ്. വില്ല ചെമ്മക്കാട്, പെരിനാട് പി.ഒ |
| ഡോ. ബിന്ദു. എസ്, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ബിന്ദു ഭവൻ മനക്കര പി.ഒ, ശാസ്താംകോട്ട |
| ശ്രീമതി ശോഭന. പി അസിസ്റ്റന്റ് സെക്രട്ടറി | - | സുരേന്ദ്രഭവനം മുതുപിലാക്കാട് പി.ഒ, ശാസ്താംകോട്ട |
| ശ്രീമതി ജയലക്ഷ്മി, സെക്രട്ടറി ഇൻ ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | ലക്ഷ്മി നന്ദനം അമ്പലത്തുംഭാഗം പി.ഒ, പോരുവഴി |
| ശ്രീ വിജയൻ. എം, സെക്രട്ടറി | - | മണത്തറ വീട് പടപ്പക്കര പി.ഒ |
| ഡോ. പ്രഭ കെ. നമ്പൂതിരി മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | വൈകുണ്ഡം, നിയർ കൊട്ടാരക്കര ടെമ്പിൾ, കൊട്ടാരക്കര |
| ശ്രീമതി സുമി മോഹൻ, കൃഷി ഓഫീസർ | കൃഷി ഓഫീസർ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്ത് | സൂര്യ നിവാസ് കഴിമതിക്കാട് പി.ഒ, കൊല്ലം. |

## 4-11 തീർപ്പാക്കാനവശേഷിക്കുന്നഓഡിറ്റ്റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(1)/18 /28.2.18 | 8 |
| 98-99 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(2)/18 /28.2.18 | 5 |
| 99-2000 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(3)/18 /28.2.18 | 22 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(4)/18 /28.2.18 | 13 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(5)/18 /28.2.18 | 15 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(6)/18 /28.2.18 | 12 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(7)/18 /28.2.18 | 8 |

| | | |
|---|---|---|
| 2004-05 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(8)/18 /28.2.18 | 22 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം./പി.4/436(9)/18 /28.2.18 | 23 |
| 2006-07 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(1)/19 /07.06.19 | 22 |
| 2007-08 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(2)/19 /07.06.19 | 22 |
| 2008-09 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(3)/19 /07.06.19 | 13 |
| 2009-10 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(4)/19 /07.06.19 | 11 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.എൽ.എം./പി.4/779(5)/19 /07.06.19 | 12 |
| 2012-13 | കെ.എസ്.എ.-കെ.എൽ.എം./പി 1/2998/14 /17-03-2016 | 15 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി1/430/2016/09-05-17 | 30 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി4/223/17 /23-12-2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18 | 19 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | 12 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം./പി 4/247/19 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം./പി 4/561/2021 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്